യും, അവരുടെ ബംഗാളി–വിരുദ്ധ നിലപാടുകാരണമായിരിക്കാം, മുഖ്യമന്ത്രി സമ്മേളനത്തിലേക്കു ശ്രീ ബസു ക്ഷണിച്ചില്ല. ക്ഷണിക്കപ്പെട്ടെങ്കിലും അസമിലെ ശ്രീ മഹന്ത സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായില്ല. വ്യത്യസ്തങ്ങളായ പശ്ചാത്തലങ്ങളും കാഴ്ചപ്പാടുകളുമുള്ള പാർട്ടികളെ ഏകീകരിച്ചുനിർത്താനാവശ്യമായ പശിമ 'കോൺഗ്രസ്–ഇതരത്വ'ത്തിനു് ഇനിയും കൈവന്നു കഴിഞ്ഞിട്ടില്ല എന്നു വ്യക്തമാണു്.

കോൺഗ്രസ്സിനെതിരായ ഒരു വികല്പമെന്നനിലയിൽ, കേന്ദ്രത്തിൽ ഒററയ്ക്കു് അരങ്ങേറാനുള്ള കഴിവു് ഇന്ത്യയിലെ ഒരു പാർട്ടിക്കും ഇനിയും കൈവന്നുകഴിഞ്ഞിട്ടില്ല. കോൺഗ്രസ്–ഇതര–പാർട്ടികൾ യോജിച്ചു്, ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ രൂപവൽക്കരിക്കുന്ന 'കോൺഫെഡറേഷൻ' കോൺഗ്രസ്സിനെ സ്ഥാനഭ്രഷ്ടമാക്കി അതിൻെറ സ്ഥാനം കാര്യക്ഷമമായി കൈയടക്കുക എന്നതും, ഇന്നത്തെ നിലവെച്ചു നോക്കുമ്പോൾ, അതിവിദൂരത്തിലുള്ള ഒരു സ്വപ്നം മാത്രമാകുന്നു. ആഭ്യന്തരങ്ങളായ വൈരുധ്യങ്ങൾ മൂർച്ഛിച്ചു് അടുത്ത ഭാവിയിൽ കോൺഗ്രസ് പാർട്ടി ഛിന്നഭിന്നമാവുകയാണെങ്കിൽ, ഏറെക്കുറെ അരാജകത്വതുല്യമായ ഒരു സ്ഥിതിവിശേഷമായിരിക്കും കേന്ദ്രത്തിൽ ഉളവാകുക. രാഷ്ട്രത്തിലാകെ അതിൻെറ പ്രത്യാഘാതങ്ങൾ ദീർഘങ്ങളും ദാരുണങ്ങളുമായിരിക്കാനാണു സാധ്യത.

(4 മേയ്, 1987)

# 22. കേരളം ഇടത്തോട്ടു്

ഒരിക്കൽക്കൂടി കേരളം ഇടത്തോട്ടു നീങ്ങിയിരിക്കുന്നു; ഒമ്പതാമത്തെ പൊതുതിരഞ്ഞെടുപ്പിലൂടെ കേരളത്തിലെ ജനങ്ങൾ മാർക്സിസ്റ്റു് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഇടതു–ജനാധിപത്യമുന്നണിയെ അധികാരത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. പ്രകടമായി മതത്തിൻെറ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മുസ്ലിം ലീഗിനും അപ്രകടമായി മതത്തിൻെറ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതെന്നു കരുതപ്പെടുന്ന കേരള കോൺഗ്രസ്സിൻെറ രണ്ടുവിഭാഗങ്ങൾക്കും പങ്കാളിത്തമില്ലാത്തതാണു് ഈ മുന്നണി. അക്കാരണത്താൽ, വേണമെങ്കിൽ, മതനിരപേക്ഷമായ ഒരു മുന്നണിയാണു് ഇപ്പോൾ അധികാരം നേടിയിട്ടുള്ളതു് എന്നു പറയാം. 1957–ൽ, കേരള സംസ്ഥാന രൂപവൽക്കരണത്തെത്തുടർന്നു് നടന്ന തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റു് പാർട്ടി അധികാരത്തിൽവന്നതിനുശേഷം, ഇപ്പോൾ മാത്രമാണു് ഇത്തരം മതനിരപേക്ഷത കേരളത്തിൽ ഭരണകക്ഷികൾക്കു കൈവരുന്നതു്. തിരഞ്ഞെടുപ്പിലൂടെ അധികാരം പിടിച്ചെടുക്കുന്നതിനു മാത്രമല്ല, പിടിച്ചെടുത്ത അധികാരത്തിൻെറ ഭൗതികഫലങ്ങൾ പങ്കിട്ടെടുക്കുന്നതിനും ജാതിയേയും മതത്തേയും പരമാവധി ചൂഷണംചെയ്തു പരിചയിച്ചുപോന്ന കേരളത്തിലെ ജനങ്ങൾ ഈ ചുററുപാടിൽ എങ്ങനെ പ്രതികരിക്കുമെന്നു കണ്ടറിയേണ്ടിയിരിക്കുന്നു. കുപ്രസിദ്ധമായ പഴയ 'വിമോചന' സമരം ആവർത്തിക്കുന്നതിനു സാദ്ധ്യതയില്ലെങ്കിലും, മത–ജാതി–വിഭാഗങ്ങളുടെ നിക്ഷിപ്തതാല്പര്യങ്ങളെ ആഴത്തിൽ സ്പർശിക്കുന്നതിനു സർക്കാർ ശ്രമിക്കുന്ന പക്ഷം അധികാരത്തിൽനിന്നു തല്ക്കാലം അകററിനിർത്തപ്പെട്ട ആ വിഭാഗങ്ങൾ ശക്തിയായി ചെറുക്കുമെന്നും, ആ എതിർപ്പു് ജനാധിപത്യത്തിൻെറ സാമാന്യമര്യാദകളിൽ ഒതുങ്ങി നില്ക്കുന്നതായിക്കൊള്ളണമെന്നില്ലെന്നുംവേണം കരുതാൻ.

ഭൂരിപക്ഷം കൈവിട്ടുപോയെങ്കിലും, നിയമസഭയ്ക്കകത്തു് കോൺഗ്രസ് നേതൃത്വത്തിലുള്ള എതിർപക്ഷം ഏറെക്കുറെ ശക്തംതന്നെയാണ്. ഭരണം കൈയടക്കിയ ഇടതുമുന്നണിയിലെ ഘടകങ്ങളെ പരസ്പരം ഇണക്കിനിർത്തുന്നതിനു്, 'അധികാരം' എന്ന സിമൻറ് ഒഴികെ, ആദർശങ്ങളുടെ ഐകരൂപ്യമോ, വൈകാരികമായ ഐക്യമോ ഉള്ളതായി വെളിപ്പെട്ടിട്ടില്ല. വ്യക്തിപരങ്ങളായ അഹന്തകളുടേയും, തികച്ചും സ്വാഭാവികങ്ങളായ വിഭാഗീയ താൽപര്യങ്ങളുടേയും പ്രവർത്തനഫലമായി ഭരണമുന്നണിക്കകത്തു സമ്മർദം വർധിക്കുകയും അതു സംഘർഷത്തിൻെറ രൂപം കൈക്കൊള്ളുകയുമാണെങ്കിൽ, ആ അവസരം ഫലപ്രദമായി ഉപയോഗിക്കാൻ എതിർപക്ഷത്തിനു സന്തോഷമേ ഉണ്ടായിരിക്കൂ. 'പൊളിക്കൽ രാഷ്ട്രീയം' ഇന്ത്യയിൽ, കേരളത്തിലും വ്യാപകമായി പരീക്ഷിക്കപ്പെടാത്തതല്ല.

ജനങ്ങൾ തങ്ങളിൽ നിക്ഷേപിച്ച വിശ്വാസത്തെ ഇടതു—ജനാധിപത്യ—ഭരണമുന്നണി എങ്ങനെയായിരിക്കും നീതീകരിക്കുക? തിരഞ്ഞെടുപ്പുപ്രകടനപത്രികകൾക്ക്, തിരഞ്ഞെടുപ്പു ഫലം പ്രഖ്യാപിക്കപ്പെടുന്ന നിമിഷംമുതൽ പ്രസക്തിയില്ലാതായിട്ടു വർഷങ്ങൾ പലതു കഴിഞ്ഞു. അതിനാൽ, പുതിയ ഭരണസംവിധാനത്തിൻെറ ഉദ്ദേശ്യങ്ങൾ മനസ്സിലാക്കുന്നതിനു് നിയമസഭയിൽ ഗവർണർ നടത്തിയ പ്രസംഗത്തിലേക്കു നോക്കുകയാവും പ്രയോജനകരം.

1987 മാർച്ച് 28—ാം തീയതി നിയമസഭയിൽ കേരള ഗവർണർ ചെയ്ത നയപ്രഖ്യാപനപ്രസംഗത്തിൽ അപ്രതീക്ഷിതമായി വളരെ ഒന്നുമില്ല. മത—ജാതി—പരിഗണനകളിൽ അടിയുറച്ച 'സൗകര്യ രാഷ്ട്രീയ'ത്തിനും, സാമുദായികശക്തികളെ പ്രീണിപ്പിക്കുന്ന നയത്തിനും, ഭരണക്കൂടത്തിലും സർക്കാരിലും അർബുദരോഗംപോലെ വ്യാപിച്ചിട്ടുള്ള അഴിമതിക്കും എതിരായും, ആദർശാധിഷ്ഠിതരാഷ്ട്രീയത്തിനും, മതനിരപേക്ഷത, ജനാധിപത്യം, രാഷ്ട്രത്തിൻെറ ഐക്യം എന്നീ ആദർശങ്ങൾക്കും അനുകൂലമായുമാണ് ജനങ്ങൾ വോട്ടുനൽകിയിട്ടുള്ളതു് എന്ന നിരീക്ഷണത്തോടെയാണ് ഗവർണർ ഈ പ്രസംഗം ആരംഭിച്ചിട്ടുള്ളതു്. സത്യസന്ധവും പുരോഗമനാത്മകവും കാര്യക്ഷമവും വികസനകേന്ദ്രിതവുമായ ഭരണം അദ്ദേഹം ജനങ്ങൾക്കു വാഗ്ദാനംചെയ്യുന്നുമുണ്ട്. അധികാരത്തിലുള്ളതു് ഏതു കക്ഷിയോ, മുന്നണിയോ ആയാലും, ഈ നിരീക്ഷണം നടത്താവുന്നതും വാഗ്ദാനം നൽകാവുന്നതുമേയുള്ളു.

തിരഞ്ഞെടുപ്പുദിവസം പലേടത്തും നടന്ന അക്രമസംഭവങ്ങളെ പരാമർശിച്ചുകൊണ്ട്, ഈ അക്രമങ്ങൾക്കെതിരെ കർശനമായ നടപടിയെടുക്കുമെന്നും, പോലീസിൻെറ കാര്യക്ഷമത വർധിപ്പിക്കുകയും നിയമവും ക്രമവും സംരക്ഷിക്കുകയുംചെയ്യുമെന്നും ഗവർണർ പറഞ്ഞിട്ടുണ്ട്. പെരുകിവരുന്ന നിയമലംഘനങ്ങളുടെയും കുററങ്ങളുടെയും കൈയേററങ്ങളുടെയും കൊലകളുടെയും അന്തരീക്ഷത്തിലാണ് ഏറെക്കാലമായി നാം ജീവിക്കുന്നതു്. എണ്ണം വർധിക്കുന്ന തോതിനു് പോലീസ്സിൻെറ കാര്യക്ഷമത കുറഞ്ഞുവരുന്നതാണു നമ്മുടെ അനുഭവം. നീതി നിർവഹിക്കുന്നതിൽനിന്നു് പോലീസ്സിനെ തടയുകയും, അവരെക്കൊണ്ട് അനീതി ചെയ്യിക്കുകയുമാണു താഴ്ന്ന തലത്തിലുള്ള രാഷ്ട്രീയപ്രവർത്തനം എന്നും വന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും, അവരുടെ ആശങ്കകളും ഭയങ്ങളും ഒഴിവാക്കുന്നതിനും, മുൻഗവണ്മെൻറുകളെ അപേക്ഷിച്ചു കൂടുതൽ ഫലപ്രദമായി വല്ലതും പുതിയ സർക്കാർ ചെയ്യുമോ എന്നും, ആഗ്രഹമുണ്ടെങ്കിൽത്തന്നെ അവർക്ക് അതു സാധ്യമാവുമോ എന്നും കാത്തിരുന്നു കാണുകതന്നെ വേണം.

ജനാധിപത്യം അടിയിൽനിന്നു കെട്ടിപ്പടുക്കുന്നതിനായി പഞ്ചായത്തു്—മുനിസിപ്പാലിററി തിരഞ്ഞെടുപ്പുകാം ഏതാനും മാസങ്ങാംക്കകം നടത്തുമെന്നും ജില്ലാഭരണനിയമം നടപ്പിൽവരുത്തുമെന്നും ഗവർണർ പ്രതിജ്ഞചെയ്തിട്ടുണ്ടു്. ഈ പ്രതിജ്ഞ നിറവേററുന്നതോടൊപ്പം, ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള കഴിവു പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങാംക്കു കൈവരുത്തുന്നതിനായി, റവന്യൂ വരുമാനത്തിൻെറ വലിയ ഒരു ഭാഗം അവയ്ക്കു കൈമാററുന്നതിനുകൂടി സർക്കാർ തയ്യാറായെങ്കിൽ മാത്രമേ അടിസ്ഥാന ജനാധിപത്യം ഇവിടെ വേരുപിടിച്ചു വളരുകയുള്ളു. ഉദ്യോഗസ്ഥശമ്പളം നൽകാൻപോലും കഴിവില്ലാത്ത പഞ്ചായത്തുകളും മുനിസിപ്പാലിററികളുംകൊണ്ടു് ജനങ്ങാംക്കു് എന്തു ഗുണമാണു് ഉണ്ടാവുക?

കേരളം വലിയൊരു വരാംച്ചയുടെ പിടിയിലാണെന്നും, കുടിവെള്ളംകൂടി കിട്ടാതെ ജനങ്ങാം കഷ്ടപ്പെടുകയാണെന്നും, അതിനാൽ വരാംച്ച—നിവാരണ നടപടികാംക്കു് അടിയന്തരപ്രാധാന്യം നൽകുന്നതാണെന്നും ഗവർണർ തുറന്നുപറയുകയുണ്ടായി. വരാംച്ച—നിവാരണത്തിനായി കേരള സർക്കാർ കേന്ദ്രഗവണ്മെൻറിനോടു് നൂററിപ്പത്തൊമ്പതു കോടി രൂപ ആവശ്യപ്പെട്ടിട്ടുമുണ്ടു്. മുൻഗവണ്മെൻറിൻെറ കൊള്ളരുതായ്മമൂലം ഖജനാവു കാലിയായിരിക്കുകയാണെന്നു കോംക്കുന്നു. ഈ പരിതസ്ഥിതിയിൽ, വരാംച്ച—നിവാരണത്തിനല്ലെങ്കിലും, മററു പലതിനും കേന്ദ്രസഹായം ഉപകരിക്കാതിരിക്കുകയില്ല. കേരളത്തിൽ വരാംച്ച സ്ഥിരമായ ഒരു പ്രതിഭാസമായി മാറിക്കൊണ്ടിരിക്കുകയാണു്. കാലവർഷം ഏറെക്കുറെ കുറവില്ലാതെ തുടരുന്നുണ്ടെങ്കിലും, ഇടമഴകാം കിട്ടുന്നില്ല എന്നതാണു വരാംച്ചയെ രൂക്ഷമാക്കുന്നതു്. കാലവർഷക്കാലത്തു പെയ്യുന്ന മഴവെള്ളം കടലിലേക്കൊഴുകാതെ തടഞ്ഞുനിർത്താനാവുമോ എന്നതാണു് ഇവിടത്തെ യഥാർത്ഥ പ്രശ്നം. മലകാം കാടു മൂടിക്കിടന്നകാലത്തു്, മഴവെള്ളം മുഴുവൻ ഉാംക്കൊണ്ടു ക്രമേണയായി പുറത്തുവിടാനുള്ള കഴിവു് മലഞ്ചെരിവുകളിലെ മണ്ണിനുണ്ടായിരുന്നു. വനങ്ങാം നശിച്ചു് മലകാം നഗ്നങ്ങളായപ്പോാം മണ്ണിനു് ആ ശക്തി നഷ്ടപ്പെട്ടു. ഇപ്പോാം മണ്ണു് പെയ്തുവെള്ളത്തെ പിടിച്ചുനിർത്തുന്നതിനു പകരം, പെയ്തുവെള്ളം മണ്ണിനെയുംകൊണ്ടു കുത്തിയൊലിച്ചുപോവുകയാണു് ആണ്ടുതോറും സംഭവിക്കുന്നതു്. സാധിക്കുന്ന സ്ഥലത്തെല്ലാം ചെറിയ ബണ്ടുകാം കെട്ടി, തമിഴ്നാട്ടിലും മററും കാണുന്നതുപോലെ, ജലാശയങ്ങളുടെ ഒരു പരമ്പര മലകാംമുതൽ കടൽത്തീരംവരെ സൃഷ്ടിച്ചാൽ മാത്രമേ കേരളത്തിലെ ജലദുർഭിക്ഷം ഇനിയങ്ങോട്ടു പരിഹരിക്കപ്പെടൂ. ഇത്തരമൊരു അടിസ്ഥാനസമീപനം ഉണ്ടാകുന്നില്ലെങ്കിൽ വരാംച്ചയെച്ചൊല്ലിയുള്ള നെഞ്ചത്തടിയും കേന്ദ്രസഹായത്തിനുള്ള മുറവിളിയും അടുത്ത മാർച്ച് മാസത്തിലും അധികാരത്തിലിരിക്കുന്ന സർക്കാർ ആവർത്തിക്കേണ്ടിവരും; ഭരണകക്ഷി ഏതായാലും കഷ്ടപ്പാടു ജനങ്ങാംക്കു ബാക്കിയാവുകയും ചെയ്യും.

വനസംരക്ഷണത്തിനും പരിസ്ഥിതിസന്തുലനം നിലനിർത്തുന്നതിനും പരമപ്രാധാന്യം നൽകുമെന്നു് ഗവർണർ പ്രഖ്യാപിച്ചിട്ടുണ്ടു്. 'പാഥസാംനിചയം വാർന്നൊഴിഞ്ഞളവു സേതുബന്ധനോദ്യോഗം' ആണെങ്കിലും, ഈ പ്രഖ്യാപനം നമ്മെ സന്തോഷിപ്പിക്കേണ്ടതാണു്. കാരണം, പരിസ്ഥിതി സംരക്ഷണത്തിൻെറ പ്രാധാന്യം, ഒടുവിൽ, നമ്മുടെ കമ്യൂണിസ്റ്റുപാർട്ടികളും മനസ്സിലാക്കിയല്ലോ! ഗവണ്മെൻറുടെ ഈ പ്രഖ്യാപനം എങ്ങനെ നടപ്പിലാക്കപ്പെടുന്നു എന്നും നമുക്കു കാത്തിരുന്നു കാണാവുന്നതാണു്.

തൊഴിലില്ലായ്മ പരിഹരിക്കുന്നതു സംബന്ധിച്ചു് ഗവർണർ

തന്റെ പ്രസംഗത്തിൽ ഏറെക്കുറെ വിസ്തൃതമായിത്തന്നെ ചർച്ച ചെയ്തിട്ടുണ്ട്. പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുവാൻ വൻതോതിൽ മുതൽമുടക്കുന്നതിനെപ്പററി അദ്ദേഹം പറയുന്നുണ്ടെങ്കിലും, സ്റ്റേററിൽ അടുത്ത കാലത്തു വൻകിടമൂലധന നിക്ഷേപത്തിനുള്ള സാധ്യത കുറവാണെന്ന് എല്ലാവർക്കും അറിയാം. നിക്ഷേപിച്ചുകഴിഞ്ഞിട്ടുള്ള മൂലധനം, രാജ്യത്തിലെ വ്യവസായവൽക്കരണത്തെ സഹായിക്കുന്ന തരത്തിൽ വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന പരിശോധനയാണ് ഈ രംഗത്തിൽ കൂടുതൽ പ്രസക്തമായിട്ടുള്ളതു്. ഉദാഹരണത്തിനു്, കൊച്ചി കപ്പൽ നിർമാണശാലയിലേക്കു വേണ്ട സ്പെയർ പാർട്ടുകളെല്ലാം ഇവിടെ, സ്വകാര്യമേഖലയിൽ, ചെറിയ ഫാക്ടറികളിൽ, നിർമിക്കുവാൻ തീരുമാനിക്കുന്നപക്ഷം, നമ്മുടെ രണ്ടോ മൂന്നോ ജില്ലകളിൽ ഏറെക്കുറെ എല്ലാവർക്കും ജോലി നൽകാൻ അതുകൊണ്ടുമാത്രം കഴിയുമെന്ന് ഒരു വിദഗ്ധൻ എന്നോടു പറയുകയുണ്ടായിട്ടുണ്ട്. നേരിട്ട് ഏതാനും ആയിരംപേർക്കു കുറേക്കാലത്തേക്കു ജോലി നൽകി എന്നല്ലാതെ, പട്ടക്കുററനായിരുന്ന മാവൂരിലെ ഗ്വാളിയോർ റയോൺസ് ഫാക്ടറി പരിസര പ്രദേശങ്ങളിൽ വ്യവസായവൽകരണത്തെ പ്രോത്സാഹിപ്പിച്ചില്ല; നമ്മുടെ കൈത്തറി നെയ്ത്തുവ്യവസായത്തെ നവീകരിക്കാനും അതു് ഉതകിയില്ല. വൻകിടവ്യവസായങ്ങളിൽ മൂലധനം നിക്ഷേപിച്ച്, രാജ്യത്തിലെ പരിമിതങ്ങളായ വിഭവങ്ങൾ പെട്ടെന്ന് ഉപയോഗിച്ചു തീർക്കുകയും പരിസരദൂഷണം ദുസ്സഹമാക്കുകയും ചെയ്യുംമുമ്പ്, വ്യവസായത്തെ പല ഘട്ടങ്ങളായി തിരിച്ച്, പരമാവധി വികേന്ദ്രീകരിക്കുക എന്ന തന്ത്രം പ്രായോഗികമാക്കാത്തപക്ഷം, നമ്മുടെ തൊഴിലില്ലായ്മ എന്ന പ്രശ്നം ഒരിക്കലും നിയന്ത്രണവിധേയമാവുമെന്നു കരുതിക്കൂടാ.

കേരളത്തിലെ വിദ്യാഭ്യാസ വ്യവസ്ഥിതിയിൽ വന്നുചേർന്നിട്ടുള്ള 'അരാജകത്വത്തേയും കുഴപ്പത്തേയും' പററി ഗവർണർ തന്റെ പ്രസംഗത്തിൽ പരാമർശിക്കുന്നുണ്ട്. ഈ അനാശാസ്യനില പരിഹരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണു കൈക്കൊള്ളുക എന്നും കാത്തിരുന്നു കാണേണ്ടിയിരിക്കുന്നു. പ്രീഡിഗ്രി വിദ്യാഭ്യാസത്തിൽ ഇന്നത്തെ നില ശാശ്വതീകരിക്കുകയെന്നതു് ഈ കുഴപ്പത്തിനു പ്രതിവിധിയല്ല. പ്രീഡിഗ്രി വിദ്യാഭ്യാസം ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടമാണെന്ന് അംഗീകരിക്കുകയും, അതു കാര്യക്ഷമമായി നടത്തുന്നതിനുള്ള മാർഗങ്ങൾ ആരായുകയുമാണ് ആവശ്യം.

പൊതുരംഗത്തിലെ അഴിമതി, തൊഴിലാളികൾക്കിടയിലുള്ള അസ്വസ്ഥത, നിത്യോപയോഗസാധനങ്ങളുടെ വിലക്കയററം തുടങ്ങി വേറെയും പല പ്രശ്നങ്ങളും സാമാന്യമായി ഗവർണരുടെ പ്രസംഗത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ പരിഹാരത്തിനുള്ള വിശദനിർദേശങ്ങൾ ഗവർണരിൽനിന്നു പ്രതീക്ഷിച്ചുകൂടാ; മന്ത്രിസഭയും നിയമസഭയുമാണ് ഈ കാര്യത്തിൽ നേതൃത്വം നൽകേണ്ടതു്.

അധികാരം നഷ്ടപ്പെട്ടവരും, അവരുടെ സിൽബന്തികളും, രാഷ്ട്രീയതിമിരം ബാധിച്ച അല്പം ചിലരുമൊഴികെ, രാജ്യത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണജനങ്ങളുടെ ശുഭാശംസകൾ കേരളത്തിൽ ഭരണാധികാരം കൈയേററ ഇടതുമുന്നണിക്കുണ്ട്. അതേസമയം, ഈ സർക്കാർ അത്ഭുതങ്ങൾ പ്രവർത്തിച്ചേക്കുമെന്ന പ്രതീക്ഷയൊന്നും സാധാരണക്കാർക്കില്ല. മറിച്ച്, മുന്നണിക്കകത്തെ പാർട്ടികൾ പരസ്പരം കലഹിക്കുകയും, ഓരോ മന്ത്രിയുടേയും വകുപ്പുകൾ ഓരോ ഗവണ്മെൻറുകളായി, പരസ്പരം ബന്ധപ്പെടാതെ, തോന്നിയപോലെ പ്രവർത്തിച്ചുതുടങ്ങുകയും, അങ്ങനെ ഭരണം, മുമ്പ് പലപ്പോഴുമെന്നപോലെ, സ്തംഭനാവസ്ഥയിലേക്കു നീങ്ങുകയും ചെയ്തുകൂടായ്കയില്ല എന്ന ആശങ്കയും

ജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുണ്ട്. സദുദ്ദേശ പ്രഖ്യാപനങ്ങൾ കേട്ടും ദുരുദ്ദേശ നിർവഹണങ്ങൾ കണ്ടും തഴമ്പിച്ച ജനമനസ്സുകൾ സ്വരക്ഷയ്ക്കുള്ള മാർഗമെന്നനിലയിൽ അശുഭപ്രതീക്ഷാശീലം വളർത്തുകയെന്നതു് അസാധാരണമല്ല.

ആഡംബരവും പ്രകടനാത്മകതയും അഹങ്കാരവും ധിക്കാരവും കുറയ്ക്കുക, അണികളെ നിയന്ത്രിക്കുക, കുറച്ചുമാത്രം സംസാരിക്കുക, സിക്രട്ടേറിയററിന്നകത്തു് ഇരുന്നു കൂടുതൽ പ്രവർത്തിക്കുക, തങ്ങളെ വെട്ടിൽ വീഴ്ത്താൻ സേവക്കാരെ അനുവദിക്കാതിരിക്കുക—ഇത്രയും ചെയ്താൽ പുതിയ മന്ത്രിസഭയ്ക്കു് ഇന്നുള്ള ബഹുജനാനുഭാവം നിലനിർത്താനും, വളർത്താനും, രാജ്യത്തിനു ഫലപ്രദമായ സേവനം നൽകാനും കഴിയും.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തിനു ഞങ്ങൾ നന്മനേരുന്നു; അവർ ജനങ്ങൾക്കു നന്മ ചെയ്യുമെന്നു് ആശിക്കുകയും ചെയ്യുന്നു.

(30 മാർച്ച്, 1987)

# 23. ഗോവ ഇരുപത്തഞ്ചാമത്തെ സംസ്ഥാനം

'ഇന്ത്യ, അതായതു് ഭാരതം, സംസ്ഥാനങ്ങളുടെ ഒരു യൂണിയൻ ആയിരിക്കും' എന്ന പ്രഖ്യാപനത്തോടെയാണു നമ്മുടെ ഭരണഘടന ആരംഭിക്കുന്നതു്. ഇന്ത്യ എന്ന യൂണിയനിൽ ഘടകങ്ങളായ സംസ്ഥാനങ്ങളുടെ വിവരം ഭരണഘടനയോടനുബന്ധിച്ചുള്ള ഒന്നാം പട്ടികയിൽ ചേർത്തിരിക്കുന്നു. ഈ പട്ടികയിൽ ഇരുപത്തഞ്ചാമത്തെ സംസ്ഥാനമായി ഗോവയുടെ പേരു് 1987 മാർച്ച് 30-ാം തീയതി എഴുതിച്ചേർക്കപ്പെട്ടു. അതേ പട്ടികയുടെ അവസാനത്തിലുള്ള 'യൂണിയൻ പ്രദേശങ്ങൾ' എന്ന ഭാഗത്തിലായിരുന്നു ഗോവയുടെ പേരു് അന്നോളം ഉൾപ്പെടുത്തിയിരുന്നതു്. ഒരു യൂണിയൻ പ്രദേശം എന്ന നിലയിൽ ഗോവ ഈ പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടതു് 1962-ലാണു്. 1949 നവംബർ 26-ാം തീയതി ഭരണഘടനാ നിർമാണസഭ ഭരണഘടന അംഗീകരിച്ചു് ഇന്ത്യൻ ജനതയ്ക്കു സമർപ്പിക്കുമ്പോൾ ഗോവയുടെ പേരു് പട്ടികയിൽ ഒരിടത്തും ഉണ്ടായിരുന്നില്ല. അന്നു് ഗോവ പോർത്തുഗീസ് സാമ്രാജ്യത്തിന്റെ ഒരു ഭാഗമായിരുന്നു. 1961 ഡിസംബർ 19-ാം തീയതിയാണു് പോർത്തുഗീസ് ഭരണത്തിൽനിന്നു് ഗോവയെ ഇന്ത്യൻ സേന മോചിപ്പിച്ചതു്. ഗോവ ഇന്ത്യയുടെ ഒരു സംസ്ഥാനമായതോടെ, ഇപ്പോൾ, ആ വിമോചനപ്രക്രിയ പൂർണമായിരിക്കുന്നു. ഇന്ത്യയിലെ പോർത്തുഗീസ് സാമ്രാജ്യത്തിന്റെ ഭാഗങ്ങളായിരുന്ന, ഗുജറാത്തു് സംസ്ഥാനത്തിനകത്തുള്ള, ദാദ്രയും നാഗർ ഹവേലിയും 1961 മുതൽ കേന്ദ്ര ഗവണ്മെൻറിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാണു്. 'യൂണിയൻ പ്രദേശം' എന്ന ദാദ്രയുടെയും നാഗർ ഹവേലിയുടെയും പദവി ഇപ്പോഴും നിലനില്ക്കുന്നു.

അറബിക്കടലിന്റെ തീരത്തു്, കർണാടക സംസ്ഥാനത്തിനും മഹാരാഷ്ട്രസംസ്ഥാനത്തിനും ഇടയിൽ ഏറെക്കുറെ കർണാടകസംസ്ഥാനത്താൽ ചുററപ്പെട്ടാണു് ഗോവ കിടക്കുന്നതു്. ഗോവയോടൊപ്പം പോർത്തുഗീസ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ദമൻ ഗുജറാത്തു സംസ്ഥാനത്തിനുള്ളിലാണു്. ക്യാംബേ ഉൾക്കടലിലുള്ള 'ദിയു' എന്ന ചെറു ദ്വീപും ഇതേ സാമ്രാജ്യത്തിൻ ഭാഗമായിരുന്നു. ദാമനും ദിയുവും ഇപ്പോൾ കേന്ദ്രഭരണ പ്രദേശങ്ങളായിരിക്കുന്നു. അവ ഒഴികെ, ഇപ്പോൾ രൂപവല്ക്കരിക്കപ്പെട്ട ഗോവാസംസ്ഥാനത്തിന്റെ വിസ്തീർണം 3702 ചതുരശ്ര കിലോ